മിനിമം ഗ്യാരൻറി വച്ചിട്ടുള്ളവർക്ക് വിദ്യുച്ഛക്തി കണക്ഷൻ

598. [816] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം ഗ്യാരൻറി എഗ്രിമെൻറ് വച്ചിട്ടുള്ള വിദ്യുച്ഛക്തി കണക്ഷനുകൾ ഇപ്പോൾ നൽകുന്നുണ്ടോ ;

(ബി) നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) 1985 ഡിസംബർ അവസാനംവരെ മിനിമം ഗ്യാരൻറി വച്ചിട്ടുള്ളതിൽ ഇനി എത്ര കണക്ഷനുകൾ കൊടുക്കാനുണ്ട് ;

(ഡി) ഈ കണക്ഷനുകൾ എത്ര മാസത്തിനകം കൊടുക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) 1986 ആഗസ്റ്റ് അവസാനംവരെ ഹൗസ് കണക്ഷനുവേണ്ടി സി. ഡി. അടച്ച് അപേക്ഷിച്ചതിൽ ഇനി എത്ര കണക്ഷനുകൾ കൊടുക്കാനുണ്ട് ;

(എഫ്) ഇത് എത്ര മാസത്തിനകം കൊടുത്തു തീർക്കും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 1,24,740.

(എഫ്) ആറു മാസത്തിനകം കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1980-81 മുതൽ 1985-86 വരെ വൈദ്യുതി കണക്ഷനു ലഭിച്ച അപേക്ഷകൾ

599. [817] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-81 മുതൽ 1985-86 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് വിദ്യുച്ഛക്തി കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഇതിൽ എത്ര അപേക്ഷകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) കോൺട്രിബ്യൂഷൻ വാങ്ങിക്കൊണ്ടും അല്ലാതെയും കൊടുത്ത കണക്ഷനുകൾ എത്രയാണെന്ന് വേർതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) മേൽ സൂചിപ്പിച്ച ഓരോ വർഷത്തിലും കോൺട്രിബ്യൂഷൻ ഇനത്തിൽ കേരളാ ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ച തുക എത്ര വീതമാണ് ;

(ഇ) കോൺട്രിബ്യൂഷൻ ഇനത്തിൽ 1986 സെപ്റ്റംബർ 30 വരെ ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ച തുക എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1980-81 മുതൽ 1985-86 വരെ വൈദ്യുതി കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകരുടെ എണ്ണം താഴെ കൊടുക്കുന്നു.

1980-81—2,35,969.
1981-82—2,63,418.
1982-83—1,89,564.
1983-84—1,17,312.
1984-85—1,88,354.
1985-86—1,63,852.

(ബി) (മുൻ വർഷങ്ങളിലേതുൾപ്പെടെ)

1980-81—2,56,547
1981-82—2,55,169
1982-83—1,55,065
1983-84— 95,839
1984-85—1,62,967
1985-86— 1,71,064.

(സി)

| വർഷം | കോൺട്രിബ്യൂഷൻ വാങ്ങി കൊടുത്തത് | കോൺട്രിബ്യൂഷൻ ഇല്ലാതെ കൊടുത്തത് |
|---|---|---|
| | രൂപ | രൂപ |
| 1981-82 | 4,392 | 2,50,777 |
| 1982-83 | 27,947 | 1,27,118 |
| 1983-84 | 46,377 | 49,462 |
| 1984-85 | 1,00,914 | 62,053 |
| 1985-86 | 85,260 | 85,804 |

(ഡി) 1981-82— 39.48 ലക്ഷം രൂപ.
1982-83—219.37 ,,
1983-84—439.98 ,,
1984-85—899.94 ,,
1985-86—903.88 ,,

(ഇ) 2785.65 ലക്ഷം രൂപ.
(1986-87 സാമ്പത്തിക വർഷത്തിൽ 283 ലക്ഷം രൂപ).

ബേപ്പൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതീകരിച്ച-പട്ടികജാതി പട്ടിക വർഗ്ഗ കോളനികൾ

600. [816] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly